# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2558 — 18/06/2014 – ൽ മറുപടിക്ക്

## മാവേലിക്കരയിൽ ഇ.എസ്.ഐ മെഡിക്കൽ കോളേജ്

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ആർ. രാജേഷ് | | ശ്രീ.ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| എ) മാവേലിക്കരയിൽ ഇ.എസ്.ഐ മെഡിക്കൽ കോളേജ് ആരംഭിക്കുവാൻ കേന്ദ്ര ഗവൺമെന്റ് തീരുമാനമെടുത്തതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; ഇത് സംബന്ധിച്ച ഉത്തരവിന്റെ സാരാംശം വെളിപ്പെടുത്തുമോ;ഇ.എസ്.ഐ. മെഡിക്കൽ കോളേജിനായി കേന്ദ്ര സർക്കാർ എത്ര രൂപയാണ് വകയിരുത്തിയിട്ടുള്ളത്; തുക വകയിരുത്തിയതുമായി ബന്ധപ്പെട്ട ഉത്തരവിന്റെ വിശദാംശം വെളിപ്പെടുത്തുമോ; | എ) | മാവേലിക്കരയിൽ ഇ.എസ്.ഐ മെഡിക്കൽ കോളോജ് തുടങ്ങുന്നതിന് ഇ.എസ്.ഐ കോർപ്പറേഷൻ തീരുമാനമെടുത്തിട്ടുണ്ട്. ഇത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചതായോ ഫണ്ട് വകയിരുത്തിയതായോ കേന്ദ്രസർക്കാർ അറിയിച്ചിട്ടില്ല. |
| ബി) ഇ.എസ്.ഐ ബോർഡിന്റെ ഏത് യോഗത്തിലാണ് ഇ.എസ്.ഐ മെഡിക്കൽ കോളേജ് മാവേലിക്കരയിൽ ആരംഭിക്കാനുള്ള തീരുമാനമെടുത്തതെന്ന് വ്യക്തമാക്കുമോ; പ്രസ്തുത തീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ; പ്രസ്തുത തീരുമാനത്തിന്മേൽ കേന്ദ്ര ഗവൺമെന്റ് എന്തെങ്കിലും നടപടി സ്വീകരിച്ചുവോ; വിശദാംശം ലഭ്യമാക്കുമോ; | ബി) | 19/09/2013 ൽ ചേർന്ന 160ാംമത് ഇ.എസ്.ഐ കോർപ്പറേഷൻ ബോർഡ് യോഗമാണ് തീരുമാനമെടുത്തത്. ഇതു സംബന്ധിച്ച വിശദാംശങ്ങൾ ഇതുവരെ ലഭിച്ചിട്ടില്ല. |
| സി) മാവേലിക്കരയിൽ ഇ.എസ്.ഐ മെഡിക്കൽ കോളേജ് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിൽ നിന്നും സംസ്ഥാനത്തിന് ലഭിച്ച ഉത്തരവിന്റെ വിശദാംശം വെളിപ്പെടുത്തുമോ? | സി) | ഇതു സംബന്ധിച്ച ഉത്തരവുകളൊന്നും ഇതുവരെ ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ